# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.പി4/783/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 23/09/2025
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി4/783/2025 തീയ്യതി: 23/09/2025

# ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2024 മുതൽ 21-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രശ്മി ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 23-06-2025 | 27-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
| --- | --- |
| 23-06-2025 | 27-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ധനജയൻ റ്റി.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. സ്റ്റാർ പി.ജോൺ, ഓഡിറ്റ് ഓഫീസർ

ശ്രീ.സാമുവൽ രാജ് ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ബെന്നി മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അലി എ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| നിസാ മോൾ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| അഗസ്റ്റ്യൻ വി.എ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീമതി റാണി ജോസഫ് | കൃഷി ഓഫീസർ | 01-04-2024 | 08-12-2024 |
| ശ്രീ. സജിത് എസ്. | കൃഷി ഓഫീസർ | 09-12-2024 | 31-03-2025 |
| ഡോ: നീതു കെ.പി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി സാബിതാ ബീഗം | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ഡോ. അരുൺലാൽ വി.റ്റി. | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. ജീന മേരി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ശ്രീമതി സിൻസി ജോസഫ് | വി.ഇ.ഒ കരിമണ്ണൂർ സർക്കിൾ | 01-04-2024 | 10-09-2024 |
| ശ്രീമതി അപർണ പി രവി | വി.ഇ.ഒ കരിമണ്ണൂർ സർക്കിൾ(ചാർജ്ജ്) | 11-09-2024 | 31-10-2024 |
| ശ്രീ. മെൽബി അഗസ്റ്റ്യൻ | വി.ഇ.ഒ കരിമണ്ണൂർ സർക്കിൾ | 01-11-2024 | 30-12-2024 |
| ശ്രീമതി അപർണ പി രവി | വി.ഇ.ഒ കരിമണ്ണൂർ സർക്കിൾ(ചാർജ്ജ്) | 31-12-2024 | 31-03-2025 |
| ശ്രീമതി അപർണ പി രവി | വി.ഇ.ഒ നെയ്യശ്ശേരി സർക്കിൾ | 01-04-2024 | 31-03-2025 |
| ശ്രീമതി മെൽഡ ഡെവിഡ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-07-2024 |
| ശ്രീമതി ജൂലി എം. ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-08-2024 | 31-03-2025 |
| ശ്രീമതി മിനി കുര്യൻ | ഹെഡ് മിസ്ട്രസ് | 01-04-2024 | 11-06-2024 |
| ശ്രീ. ഷാജി അരുജ | ഹെഡ് മാസ്റ്റർ | 12-06-2024 | 31-03-2025 |
| ശ്രീമതി ജിഷ പി.യു. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 05-09-2024 |
| ശ്രീ. മിഥുൻ തോമസ് | അക്കൗണ്ടന്റ് (ചാർജ്) | 06-09-2024 | 12-09-2024 |
| ശ്രീമതി. മേഴ്സി ജോർജ് | അസിസ്റ്റന്റ് സെക്രട്ടറി | 13-09-2024 | 31-03-2025 |
| ശ്രീ. സുധീഷ് എം.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | ആസ്തികളുടെ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല | 1-1-4 |
| 6 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നു. | 1-1-5 |
| 7 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-6 |
| 8 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ തുക ചേർത്തിട്ടില്ല | 1-1-8 |
| 10 | ബാലൻസ് ഷീറ്റ് - ബി - 5, ബി - 16 ഷെഡ്യൂളുകളിലെ തുകകളിൽ ₹20,35,420/- യുടെ വ്യത്യാസം | 1-1-9 |
| 11 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-1-10 |
| 12 | സ്ഥിരനിക്ഷേപം - വാർഷികകണക്കിലെ തുകയിൽ വ്യത്യാസം | 1-1-11 |
| 13 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ₹ 1,72,583/- - ലാപ്സായി | 1-3-1 |
| 16 | ഗ്രാന്റ് വിനിയോഗം | 1-3 |
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | സാമൂഹ്യക്ഷേമപദ്ധതികൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് | 1-7 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 22 | പലിശരഹിതഅക്കൗണ്ടുകളിൽ തനതുവരുമാനം നിലനിർത്തി - പലിശ നഷ്ടം | 1-9 |

| | | |
|---|---|---|
| 23 | തൊമ്മൻകുത്ത് എക്കോ ടൂറിസം സെന്റർ - വിനോദനികുതി ഈടാക്കുന്നില്ല | 1-10 |
| 24 | യാത്രാബത്ത - ക്രമപ്രകാരമല്ലാതെ അനുവദിച്ചു - ₹ 23,800/- - തടസ്സപ്പെടുത്തുന്നു | 1-11 |
| 25 | ജനകീയ ഹോട്ടൽ - പ്രവർത്തനച്ചെലവിൽ അവ്യക്തത - ₹1,26,673/- തടസ്സപ്പെടുത്തുന്നു. | 1-12 |
| 26 | പൊതുടാപ്പുകളുടെ വെള്ളക്കരം | 1-13 |
| 27 | അജൈവപാഴ്‌വസ്തുക്കൾ നൽകിയ ഇനത്തിൽ ലഭിക്കാനുള്ള തുക ക്ലീൻ കേരള കമ്പനി നൽകുന്നില്ല | 1-14 |
| 28 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പദ്ധതിയുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹16,63,509/- തടസ്സപ്പെടുത്തുന്നു | 1-15 |
| 29 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യം നിർവ്വഹണത്തെ ബാധിക്കുന്നു. | 1-16 |
| 30 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും അധികം പിൻവലിച്ച് ചെലവ് നടത്തി - ₹9,81,720/- തടസ്സപ്പെടുത്തുന്നു | 1-17 |
| 31 | തൊഴിലുറപ്പ് പദ്ധതി - സിമന്റിന് അധികം നിരക്ക് അനുവദിച്ചു | 1-18 |
| 32 | സാക്ഷരതാമിഷൻ ഓണറേറിയം - അധികം അനുവദിച്ചു | 1-19 |
| 33 | പുല്ലുമല കുടിവെള്ള പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല - ₹1,79,952/- തടസ്സപ്പെടുത്തുന്നു | 1-20 |
| 34 | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹18,10,211/- തടസ്സപ്പെടുത്തുന്നു | 1-21 |
| 35 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭിച്ചില്ല | 1-22 |
| 36 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം | 1-23 |
| 37 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പാ/വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) 1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2025 – ലെ 2(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.06.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കരിമണ്ണൂർ ഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2025 – ൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ

ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കരിമണ്ണൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2024 – 2025 വർഷത്തേക്കുള്ള സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ

23.09.2025 ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയില്ല

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' – ൽ രേഖപ്പെടുത്തിയ തുകയും (₹1,28,39,089/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' – ൽ രേഖപ്പെടുത്തിയ തുകയും (₹33,66,144/-) തുല്യമല്ല. ആയതിനാൽ പത്രിക പ്രകാരം സാമ്പത്തികവർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല**

26.07.2011 - ലെ ജി.ഒ.(എം.എസ്.)നം.152/2011/ത.സ്വ.ഭ.വ. – ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ഷെഡ്യൂളുകളിൽ 31.03.2025 – ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല .

**1-1-4 ആസ്തികളുടെ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല**

ആകെയുള്ള ആസ്തികളിൽ കേവലം ഒൻപത് ഇനങ്ങൾക്ക് മാത്രമാണ് ഡിപ്രീസിയേഷൻ കണക്കാക്കിയത്. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

**1-1-5 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നു.**

അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക, ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമാകുന്നുണ്ടെന്ന് വാർഷികധനകാര്യ പത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി ഇനം | ആസ്തി തുക(₹) | ഡിപ്രിസിയേഷൻ (₹) |
| --- | --- | --- |
| അദർ ഫിക്സഡ് അസ്സറ്റ്സ് | 3,61,017 | 7,08,973 |
| വാട്ടർവേയ്സ് | 0 | 64,615 |
| സീവേജ് & ഡ്രെയിനേജ് | 0 | 1,25,085 |

**1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രേഖകൾ ഇല്ല. ₹5,89,731/- മുൻകാലചെലവായി എഴുതിത്തള്ളിയതിന്റെ (1-18 ഷെഡ്യൂൾ) സാക്ഷ്യപ്പെടുത്തിയ ജേണൽ വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല.

**1-1-7 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം, തൻവർഷം പൊതുമരാമത്ത് പ്രവൃത്തികളിലായി ₹28,75,070/- പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ Capital Work-In- Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുക ₹6,10,680/- മാത്രമാണ്.

**1-1-8 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ തുക ചേർത്തിട്ടില്ല**

തൻവർഷം അനർട്ടിന് ഡെപ്പോസിറ്റായി ₹4,18,000/- നല്കിയിട്ടുണ്ട്. പണി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത പ്രസ്തുത തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ (B-18) പ്രതിഫലിച്ചിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക നം.4-3 – ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-1-9 ബാലൻസ് ഷീറ്റ് - ബി - 5, ബി - 16 ഷെഡ്യൂളുകളിലെ തുകകളിൽ ₹20,35,420/- യുടെ വ്യത്യാസം**

ബാലൻസ് ഷീറ്റിൽ, ബി-5 ഷെഡ്യൂളിലെ തുക ₹1,30,38,094/- – യും ബി-16 ഷെഡ്യൂളിലെ തുക ₹1,14,75,938/- – യുമാണ്. ഹഡ്കോ ലോൺ ലഭിച്ചതിൽ രണ്ട് ബാങ്ക് അക്കൗണ്ടിൽ ബാക്കിയുള്ള ₹35,97,576/- – യും കൂടി ബി-16 ഷെഡ്യൂളിലെ തുകയോടൊപ്പം ചേർത്താൽ ആകെ ₹1,50,73,514/- ആകുന്നു. ₹20,35,420/- – യുടെ വ്യത്യാസം പരിഹരിക്കേണ്ടതാണ്.

**1-1-10 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.**

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഇലക്ഷൻ ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

**1-1-11 സ്ഥിരനിക്ഷേപം - വാർഷികകണക്കിലെ തുകയിൽ വ്യത്യാസം**

സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ, രണ്ട് സ്ഥാപനങ്ങളിലായി ആകെ ₹17,10,538/- – യുടെ നിക്ഷേപമുള്ളതായി ബോദ്ധ്യപ്പെട്ടു. വാർഷികധനകാര്യപത്രികയിൽ ഇത് ₹17,12,815/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-1-12 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല.**

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ആസ്തി-ബാദ്ധ്യതകളായി ബാലൻസ് ഷീറ്റിന്റെ ബന്ധപ്പെട്ട ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളിൽ വ്യത്യാസം കണ്ടെത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഷെഡ്യൂൾ ബി 4 നീക്കിയിരിപ്പ് (₹) | ഷെഡ്യൂൾ ബി 17 നീക്കിയിരിപ്പ് (₹) |
|---|---|---|
| ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ | 13,24,951/- | 13,19,951/- |
| മൃഗസംരക്ഷണം | 1,53,671/- | 1,70,677/- |

അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| ഇനം | തീരുമാന നമ്പർ/ തീയതി |
|---|---|
| ബജറ്റ് നിർദ്ദേശങ്ങൾ ക്ഷണിക്കൽ | 15/12/2023 |
| സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1/(1), 05.02.2024 |
| ഭരണസമിതി അംഗീകാരം | 5/(1), 13.02.2024 |
| ബജറ്റ് പുതുക്കൽ | 4/(1), 03.03.2025 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് (₹) | 1,4,446,698.00 |
| വരവ് (₹) | 17,79,80,000.00 |
| ആകെ (₹) | 19,24,26,698.00 |
| ചെലവ് (₹) | 17,87,90,000.00 |
| നീക്കിയിരിപ്പ് (₹) | 1,36,36,698.00 |

## 1-3-1 ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ₹ 1,72,583/- - ലാപ്സായി

15.07.2021 - ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം 2024 - 2025 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ 80% ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഗ്രാമപ്പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.

| ഫണ്ടിനം | വരവ് (₹) | ചെലവ് (₹) | തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന | 80% ചെലവഴിക്കാത്തതിനാൽ ലാപ്സായതും 2026 - 2027 വർഷം കുറവ് ചെയ്യുന്നതുമായ തുക (₹) | 2025 – 2026 വർഷം ക്യാരി ഓവർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | 80% തുക (₹) | | ചെയ്യുന്ന തുക (₹) |
| സംരക്ഷണഗ്രാന്റ് റോഡ് | 1,11,30,000/- | 87,31,417/- | 89,04,000/- | 1,72,583/- | 22,26,000/- |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,72,48,000 | 1,72,48,000 | 1,72,18,980 | 29,020 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 21,69,000 | 21,69,000 | 21,43,646 | 25,354 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 3,72,000 | 3,72,000 | 3,23,249 | 48,751 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 1,11,30,000 | 1,11,30,000 | 87,31,417 | 23,98,583 |
| മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് | 0 | 97,67,000 | 97,67,000 | 80,74,539 | 16,92,461 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | 15,85,700 | 31,65,898 | 47,51,598 | 27,97,602 | 19,53,996 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 49,93,169 | 61,87,000 | 1,11,80,169 | 18,18,183 | 93,61,986 |
| ടോട്ടൽ സാനിറ്റേഷൻ | 13,24,951 | 0 | 1,324,951 | 0 | 13,24,951 |
| ഐ.സി.ഡി.എസ്. | 7,71,668 | 17,25,223 | 24,96,891 | 8,21,383 | 16,75,508 |
| ഹെൽത്ത് ഗ്രാന്റ് – ഡയനോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ | 13,056 | 3,31,454 | 3,44,510 | 0 | 3,44,510 |
| ഹെൽത്ത് ഗ്രാന്റ് - വെൽനെസ് സെന്റർ | 6,138 | 5,41,328 | 5,47,466 | 0 | 5,47,466 |

| | | | | | |
|---|---|---|---|---|---|
| 320200202 - മൃഗസംരക്ഷണം | 4,13,397 | 11,714 | 4,25,111 | 2,71,440 | 1,53,671 |
| 320200207 - ആയുർവേദം | 20,876 | 0 | 20,876 | 0 | 20,876 |
| 320200399 - ബയോഡൈവേഴ്സിറ്റി | 2,06,142 | 5,033 | 2,11,175 | 1,21,075 | 90,100 |
| 320800199 - പ്രത്യേക ഉദ്ദേശ്യഗ്രാന്റ് | 1,81,061 | 0 | 1,81,061 | 0 | 1,81,061 |
| 320900102 - പകർച്ച വ്യാധി ഗ്രാന്റ് | 7,736 | 106 | 7,842 | 0 | 7,842 |
| 320100105 - കേന്ദ്ര ഗവ. അവാർഡ് | 0 | 5,00,000 | 5,00,000 | 0 | 5,00,000 |
| 320100194 - ലൈബ്രറി ഗ്രാന്റ് | 0 | 24,820 | 24,820 | 24,820 | 0 |
| 320100174 - സ്വച്ഛ ഭാരത് അഭിയാൻ | 0 | 1,92,000 | 1,92,000 | 1,92,000 | 0 |
| 320300199 - ലൈഫ് | 16,00,920 | 9,00,000 | 25,00,920 | 1,00,000 | 24,00,920 |

* 320800199 - പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ ഉദ്ദേശ്യം വ്യക്തമാക്കപ്പെട്ടിട്ടില്ല.

* ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ്) - പലിശയുൾപ്പെടെ ബാങ്കിൽ ലഭിച്ച തുക മാത്രമാണ് വാർഷിക ധനകാര്യപത്രികയിൽ വരവായി ചേർത്തിരിക്കുന്നത്. ട്രഷറി മുഖേന ലഭിച്ച ഗ്രാന്റുകൾ ധനകാര്യപത്രികയിൽ വരവിലെടുത്തിട്ടില്ലാത്തതിനാൽ ഗ്രാന്റ് പത്രികയിലെ തുകയുമായി ആകെ വരവ് തുക വ്യത്യാസപ്പെട്ട് കാണുന്നു.

* ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ്, മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലെ ആകെ ചെലവാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകകൾ വാർഷികധനകാര്യപത്രികയിലെ ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

* വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | ലൈഫ് ലോൺ (₹) | അങ്കണവാടി ഓണറേറിയം (₹) |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 18,54,754/- | 8,32,200/- |
| വികസനഫണ്ട് (SCP) | 3,57,161/- | 0 |
| വികസനഫണ്ട് (TSP) | 17,325/- | 0 |

പ്രസ്തുത തുകകളുടെ ചെലവ് വിവരം സുലേഖയിൽ പ്രതിഫലിക്കുന്നുണ്ടെങ്കിലും അടങ്കലായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതികളുടെ എണ്ണത്തിന്റെ പൂർത്തീകരിച്ച ശതമാനം (%) |
|---|---|---|---|---|---|
| 331 | 13,31,36,203/- | 195 | 5,56,26,191/- | 136 | 59 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | അടങ്കൽ (₹) | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് (₹) | പദ്ധതികളുടെ നടപ്പാക്കാത്ത എണ്ണം | ചെലവ് തുകയുടെ ശതമാനം (%) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 18,17,392 | 9 | 15,07,209 | 1 | 82.93 |
| വെറ്ററിനറി സർജൻ | 8 | 52,90,522 | 8 | 42,88,101 | 0 | 81.05 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 2,80,000 | 1 | 32,000 | 0 | 11.43 |
| മെഡിക്കൽ ഓഫീസർ -ആയുർവേദം | 3 | 7,18,962 | 3 | 7,18,962 | 0 | 100 |
| വി.ഇ.ഒ. | 12 | 2,89,13,241 | 9 | 77,37,280 | 3 | 26.76 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 50,30,942 | 12 | 45,55,308 | 1 | 90.55 |
| സെക്രട്ടറി | 62 | 2,40,29,114 | 33 | 83,21,770 | 29 | 34.63 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 156 | 4,65,52,231 | 67 | 1,65,80,099 | 89 | 35.62 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 33,99,035 | 1 | 16,63,509 | 0 | 48.94 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 22 | 82,07,981 | 20 | 63,18,098 | 2 | 76.98 |
| ഹെഡ്മാസ്റ്റർ | 10 | 7,95,957 | 9 | 6,68,089 | 1 | 83.94 |
| വി.ഇ.ഒ. II | 12 | 50,82,962 | 7 | 14,40,375 | 5 | 28.34 |
| അസിസ്റ്റന്റ് സെക്രട്ടറി | 21 | 30,17,864 | 16 | 17,95,391 | 5 | 59.49 |
| ആകെ | 331 | 13,31,36,203 | 195 | 5,56,26,191 | 136 | 41.781 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 16 | 21,14,404/- | 21,14,420/- | 21,14,420/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,14,73,188/- | 1,14,73,188/- | 1,14,73,188/- | 0 |

ഭരണച്ചെലവുകളിലെ മുന്നിരിപ്പും (₹16/-) ബാങ്ക് പലിശയും (₹1,039/-) ഉൾപ്പെടുത്താത്തതിനാൽ ഇൻകം ആന്റ് എക്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ കണക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-6 സാമൂഹ്യക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് വിവിധ ക്ഷേമപദ്ധതികൾക്ക് ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 3,31,68,000/- | 204 |
| വിധവാ പെൻഷൻ | 73,63,400/- | 493 |
| വാർദ്ധക്യകാല പെൻഷൻ | 2,42,24,100 | 1686 |
| വികലാംഗ പെൻഷൻ | 27,47,700/- | 184 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 5,29,200/- | 35 |
| തൊഴിൽരഹിത വേതനം | 1,440/- | 02 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 30,000/- | 02 |

## 1-7 ക്യാഷ് ബാലൻസ്

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.2025 – ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4,650/- (നാലായിരത്തി അറുനൂറ്റി അൻപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

### 1. ഓഫീസ് സംവിധാനം

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ്ക്ലാർക്ക്, അക്കൗണ്ടന്റ്, മൂന്ന് യു.ഡി.ക്ലർക്കുമാർ, മൂന്ന് എൽ.ഡി.ക്ലർക്കുമാർ രണ്ട് ഓഫീസ് അസിസ്റ്റന്റ്, ഒരു പാർട്ട് ടൈം സ്വീപ്പർ, ഒരു പാർട്ട് ടൈം ലൈബ്രേറിയൻ എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്. നികുതി പിരിവിനും സർക്കാർ ചുമതലപ്പെടുത്തുന്ന മറ്റ് ജോലികൾക്കും കൃത്യമായ ജോലിവിഭജന രേഖകളിലൂടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

### 2. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്/ഭൗതിക പരിശോധന

നികുതി നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷികഭൗതികപരിശോധന നടത്തുന്നില്ല. വായ്പ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കിയിട്ടുണ്ട്. തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

### 3. ബജറ്റ്

വാർഷികപദ്ധതി, ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും

ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

**4. <u>വാങ്ങൽ നടപടി ക്രമങ്ങൾ</u>**

വാങ്ങൽ നടപടി ക്രമങ്ങളിൽ കേരള ഫിനാൻഷ്യൽ കോഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള വാങ്ങൽ നടപടി ക്രമങ്ങൾ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ പൂർണ്ണമായി പാലിക്കുന്നില്ല. ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയതിനു ശേഷമല്ല വാങ്ങൽ നടപടികളിലേയ്ക്ക് കടക്കുന്നത്.

കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം, ഓരോ സാമ്പത്തികവർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തിക വർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 – ലെ സ.ഉ.(അ)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B)). എന്നാൽ ഇത്തരം നടപടികൾ പാലിക്കുന്നില്ല. ഉദാ:- അസിസ്റ്റന്റ് സെക്രട്ടറിയും ഐ.സി.ഡി.എസ്. സൂപ്പർവൈസറും കട്ടിൽ വാങ്ങി വിതരണം നടത്തുന്നതിന് പദ്ധതി ഏറ്റെടുത്ത് വ്യത്യസ്ത ടെണ്ടറിലൂടെ ഒരേ വ്യക്തിയിൽ നിന്ന് വ്യത്യസ്ത നിരക്കിൽ പദ്ധതി നടപ്പാക്കിയിരിക്കുന്നു.

**5. <u>തനതു വരുമാനം</u>**

തനതുവരുമാനവർദ്ധനവിന് ഉതകുന്ന രീതിയിലുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും തന്നെ ആസൂത്രണം ചെയ്തിട്ടില്ല.

6. **മോണിട്ടറിംഗ്**

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

7. **ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട് .

8. **ആസ്തി നിയന്ത്രണം ഫലപ്രദമല്ല.**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യവർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9. **വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ**

പദ്ധതി നിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

10. **ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ഗ്രാമപ്പഞ്ചായത്ത് തീരുമാനം**

1997 – ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ, ചട്ടം 15(2) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ സ്ഥാപനം എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

11. **മരാമത്ത് പ്രവൃത്തികൾ**

പദ്ധതികൾ പൂർത്തിയാക്കുന്ന രീതിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു.

പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നതും മിക്ക പദ്ധതികളും സ്പിൽ ഓവർ ആകേണ്ടി വരുന്നതും ന്യൂനതയാണ്.

## 1-9 പലിശരഹിതഅക്കൗണ്ടുകളിൽ തനതുവരുമാനം നിലനിർത്തി - പലിശ നഷ്ടം

ഗ്രാമപ്പഞ്ചായത്തിന്റെ ഇ - പേയ്മെന്റ് മുഖേന ലഭിക്കുന്ന തനത് വരുമാനം സൂക്ഷിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് വിവരങ്ങൾ | 20.06.2025 – ലെ നീക്കിയിരിപ്പ് (₹) | അക്കൗണ്ട് ടൈപ്പ് |
|---|---|---|---|
| 1 | അക്കൗണ്ട് നമ്പർ – 67380821107<br>ഐ.എഫ്.എസ്.സി. – SBIN0070161<br>എസ്.ബി.ഐ., കരിമണ്ണൂർ ശാഖ | 89,19,952/- | കറന്റ് അക്കൗണ്ട് – പേയ്മെന്റ് ഗേറ്റ് വേ വഴിയുള്ള തുകകൾ സ്വീകരിക്കുന്നു |
| 2 | അക്കൗണ്ട് നമ്പർ – 807073000000177<br>ഐ.എഫ്.എസ്.സി. – SIBL0000807<br>സൗത്ത് ഇന്ത്യൻ ബാങ്ക്, കരിമണ്ണൂർ ശാഖ | 16,01,626/- | കറന്റ് അക്കൗണ്ട് – ക്യൂ.ആർ, ഇ-പോസ് മെഷീൻ മുഖേന ഉള്ള തുകകൾ സ്വീകരിക്കുന്നു |

2024 ഏപ്രിൽ മുതൽ 2025 ജൂൺ വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ക്രമ നമ്പർ 1 പ്രകാരമുള്ള അക്കൗണ്ടിൽ തനത് ഫണ്ടിനൊപ്പം ഐ.സി.ഡി.എസ്. സൂപ്പർ വൈസർക്കുള്ള ഗ്രാന്റും ആർദ്രം മിഷന്റെ പുരസ്കാരം എന്ന ഇനത്തിൽ ലഭിച്ചിരിക്കുന്ന തുകയും സൂക്ഷിച്ചിട്ടുണ്ട്. 2024 – 2025 ലെ എ.സി.ആർ., ധനകാര്യപത്രിക എന്നിവ പ്രകാരം ₹16,75,508/- ഐ.സി.ഡി.എസ്. ഗ്രാന്റ് ഇനത്തിലും ₹5,00,000/- പുരസ്കാരം ലഭിച്ച ഇനത്തിലും നീക്കിയിരിപ്പുണ്ട്. ശേഷിക്കുന്ന വൻതുക നികുതി ഇനത്തിലുള്ള തനത് വരുമാനമായിട്ടും പലിശ രഹിതമായ കറന്റ് അക്കൗണ്ടിലാണ് നിലനിർത്തുന്നത്. ക്രമ നമ്പർ രണ്ട് പ്രകാരമുള്ള അക്കൗണ്ടും പലിശരഹിതമായ കറന്റ് അക്കൗണ്ടാണ്. പ്രസ്തുത അക്കൗണ്ടിലും തനത് വരവ് ഇനത്തിൽ ലഭിച്ച വൻതുക നീക്കിയിരിപ്പുണ്ട്. പലിശരഹിതമായ അക്കൗണ്ടുകളിൽ തനത് വരുമാനം നിലനിർത്തിയ നടപടിക്ക്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 13/27.06.2025 – ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപ്പഞ്ചായത്തിന്റെ തനത് വരുമാനം സൂക്ഷിക്കുന്നതിനായി കേരള ബാങ്കിന്റെ കരിമണ്ണൂർ ശാഖയിൽ നിലനിർത്തിയിരിക്കുന്ന 135412803000016 – നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുകയ്ക്ക് 4% പലിശ ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇ – പെയ്മെന്റ് മുഖേന ലഭ്യമായ തുകകൾ പലിശരഹിതമായ കറന്റ് അക്കൗണ്ടുകളിൽ നിലനിർത്തിയതുമൂലം പലിശ ഇനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. പലിശരഹിത അക്കൗണ്ടുകളിൽ നിലനിർത്തിയിരിക്കുന്ന തനത് വരുമാനം, മറ്റ് ഇനത്തിലുള്ള തുകകൾ എന്നിവ കൃത്യമായി കണക്കാക്കി സൂക്ഷിക്കേണ്ടതും തനത് വരുമാനം പലിശ ലഭ്യമാകുന്ന അക്കൗണ്ടിലേക്ക് മാറ്റി നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-10 തൊമ്മൻകുത്ത് എക്കോ ടൂറിസം സെന്റർ - വിനോദനികുതി ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിന്റെ മൂന്നാം വാർഡിൽ, തൊമ്മൻകുത്ത് വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്ന പ്രദേശത്തോട് ചേർന്ന് വനം വകുപ്പിന്റെ തൊമ്മൻകുത്ത് എക്കോ ടൂറിസം സെന്റർ പ്രവർത്തിക്കുന്നുണ്ട്. വിനോദസഞ്ചാരികൾക്കായി ഇരിപ്പിടങ്ങൾ, ഏറുമാടം, പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ ഒരുക്കി നിശ്ചിത നിരക്ക് ഈടാക്കി ഒരു പാർക്ക് എന്ന നിലയിലാണ് സെന്റർ പ്രവർത്തിക്കുന്നത്. എക്കോ ടൂറിസം സെന്ററിലേക്ക് വിനോദ സഞ്ചാരികളെ പ്രവേശിപ്പിക്കുന്നതിനും ട്രക്കിംഗിനും ഈടാക്കുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

| ടിക്കറ്റ് നിരക്കുകൾ (₹) | |
|---|---|
| മുതിർന്നവർ | 40/- |
| കുട്ടികൾ | 20/- |
| ട്രക്കിംഗ് നിരക്കുകൾ (പരമാവധി ഒരു ഗ്രൂപ്പിൽ 9 അംഗങ്ങൾ) | |
| വൺഡേ ട്രക്കിംഗ് നിരക്കുകൾ (₹) | |

| | |
|---|---|
| 5 അംഗങ്ങൾ ഉള്ള ഗ്രൂപ്പിന് അധിക അംഗങ്ങൾക്ക് | 1,500/-<br>250/- |
| ഹാഫ് ഡേ ട്രക്കിംഗ് നിരക്കുകൾ (₹) | |
| 5 അംഗങ്ങൾ ഉള്ള ഗ്രൂപ്പിന് അധിക അംഗങ്ങൾക്ക് | 1,000/-<br>150/- |





ഗ്രാമപ്പഞ്ചായത്തിന്റെ വാർഷികധനകാര്യപത്രിക പ്രകാരം, വിനോദനികുതി ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. വിനോദ ആവശ്യത്തിലേക്കായി തുക ഈടാക്കി ആളുകളെ പ്രവേശിപ്പിക്കുന്നതിനാൽ, എക്കോ ടൂറിസം സെന്റർ, 1961 - ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്മെന്റ് ടാക്സ് ആക്ടിന്റെ പരിധിയിൽ പെടുത്താവുന്നതാണ്. 31.01.2024 – ലെ സ.ഉ.(കൈ)നം.17/2024/ത.സ്വ.ഭ.വ. പ്രകാരം, ചരക്ക് – സേവന നികുതി നിലവിൽ വന്നതിനെത്തുടർന്ന് വിനോദ നികുതി ഒഴിവാക്കിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്യുകയും ക്രമ നമ്പർ 2 – ൽ വിവിധ ഇനങ്ങൾക്കുള്ള വിനോദനികുതി നിരക്ക് പട്ടികപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികയിൽ നാലാമത്തെ ഇനമായ "മറ്റുള്ളവ" എന്ന ഗണത്തിൽപ്പെടുത്തി ടിക്കറ്റിന്റെ 10 % നിരക്കിൽ വിനോദനികുതി ഈടാക്കാവുന്നതാണ്. വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ വിനോദസഞ്ചാര പ്രാധാന്യമുള്ള പ്രദേശങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-11 യാത്രാബത്ത - ക്രമപ്രകാരമല്ലാതെ അനുവദിച്ചു - ₹ 23,800/- - തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| വൗച്ചർ നം, തീയതി | 22400060/19.04.2024 |
| ഫയൽ നം. | 40056/FM45/GPO/24/1745 |
| ചെലവഴിച്ച തുക (₹) | 23,800/- |
| ബിൽ നം/തീയതി | 1745/16.04.2024 |

തിരുപ്പതിയിൽ വെച്ച് (18.01.2024 മുതൽ 20.01.2024 വരെ) നടത്തപ്പെട്ട Healthy Village Natural Workshop – ൽ പങ്കെടുക്കുന്നതിനായി നോമിനേറ്റ് ചെയ്യപ്പെട്ട ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിസ്സാമോൾക്ക്, ടി പരിപാടിയിൽ പോയി വന്ന വകയിൽ ചെലവായ (എയർലൈൻ ടിക്കറ്റ്) തുക അനുവദിച്ചു നൽകിയിട്ടുണ്ട്. 10.02.2021 – ലെ ജി.ഒ.(പി)നം.27/2021/ഫിൻ. പ്രകാരം, ക്ലാസ്സ് 1 ഓഫീസേഴ്സിനു അനുവദിച്ചു നൽകുന്ന യാത്രാപ്പടിക്ക് (II-AC ട്രെയിൻ യാത്ര) മാത്രമേ അർഹതയുള്ളു. എന്നാൽ മേൽ വിവരിച്ചിരിക്കുന്ന പ്രകാരം പ്ലെയിൻ ടിക്കറ്റിനു തുല്യമായ തുക യാത്രാ ബത്തയിനത്തിൽ അനുവദിച്ചു നല്കിയതിനു സർക്കാർ അനുമതിയോ അനുബന്ധ ഉത്തരവുകളോ ഉണ്ടെങ്കിൽ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണന്ന് ആവശ്യപ്പെട്ട് 27.06.2025 – ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8 നൽകിയിരുന്നു. ക്രമപ്രകാരമല്ലാതെ ചെലവഴിച്ച തുക സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായി ക്രമീകരിക്കേണ്ടതാണ്. അപാകം തുടരുന്നതിനാൽ ഈ ഇനത്തിലെ ₹23,800/- യുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

**1-12 ജനകീയ ഹോട്ടൽ - പ്രവർത്തനച്ചെലവിൽ അവ്യക്തത - ₹1,26,673/- തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | SOOO8/25, ജനകീയ ഹോട്ടൽ പ്രവർത്തനച്ചെലവ് |
| അടങ്കൽ തുക (₹) | 1,50,000/- (വികസനഫണ്ട് – ജനറൽ) |
| ചെലവ് തുക (₹) | 1,26,673/- |
| ബിൽ നം./തീയതി/ | 221/19.06.2024, 253/23.07.2024, 266/12.08.2024, 270/24.08.2024, 291/26.09.2024, 351/26.10.2024, 353/26.10.2024, 376/19.11.2024, 407/04.12.2024, 411/09.12.2024, 495/24.01.2025, |

| | |
|---|---|
| | 439/27.12.2024, 519/04.02.2025, 554/11.02.2025, 615/25.02.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വാട്ടർ ചാർജ്ജ്, കറണ്ട് ചാർജ്ജ്, വാടക എന്നീ ഇനങ്ങളിലുള്ള ചെലവാണ് പദ്ധതിയുടെ ചെലവ് തുക. പദ്ധതി നടത്തിപ്പിൽ വന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ ജോയി തോമസ്, ഏർത്തടത്തിൽ, ഒളമറ്റം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ജനകീയ ഹോട്ടൽ സ്ഥിതി ചെയ്യുന്നത്. എന്നാൽ കെട്ടിടത്തിന്റ വാട്ടർ കണക്ഷൻ, കെട്ടിടത്തിന്റെ മുൻ ഉടമസ്ഥൻ ആയ ശ്രീ. കെ.എം.ജെയിംസ്, കിഴക്കേടത്ത്, കരിമണ്ണൂർ എന്ന വ്യക്തിയുടെ പേരിലാണ് (കൺസ്യൂമർ നം.KRR/134/N). വാട്ടർ ചാർജ്ജിനത്തിൽ വാട്ടർ അതോറിറ്റി അഡീഷനൽ ബിൽ ആയി നല്കിയിരിക്കുന്ന ₹24,793 + ₹1,942 = ₹30,982/- മുൻകാലങ്ങളിലെയോ ജനകീയ ഹോട്ടൽ പ്രവർത്തനം തുടങ്ങുന്നതിനു മുൻപുള്ള കുടിശ്ശികയോ അനുബന്ധ കെട്ടിടത്തിലേക്ക് വെള്ളം ഉപയോഗിച്ചതിന്റെയോ എന്നതിൽ വ്യക്തതയില്ല. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുള്ള ഡിമാന്റ് നോട്ടീസിൽ കാലയളവ് വ്യക്തമാക്കിയിട്ടില്ലെങ്കിലും വളരെ നാളുകളായി കുടിശ്ശികയായിരുന്നെന്നു് വ്യക്തമാക്കിയിട്ടുണ്ട്. കരാർ വേളയിൽ കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയുടെ ബില്ലുകൾ പൂർണ്ണമായും കുടിശ്ശിക മുക്തമാണെന്ന് ഉറപ്പാക്കാൻ പഞ്ചായത്തിനു സാധിച്ചിട്ടില്ല.

2. കെട്ടിടം കൈമാറുമ്പോൾ ഉറപ്പാക്കേണ്ട കറണ്ട്, വാട്ടർ കണക്ഷൻ ഉടമസ്ഥാവകാശം, അവയുടെ കുടിശ്ശിക എന്നിവ ക്രമപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിലവിലെ ഉടമസ്ഥൻ ലഭ്യമാക്കുന്ന കറണ്ട്, വാട്ടർ കണക്ഷൻ ബില്ലുകൾ പഞ്ചായത്ത് അംഗീകരിച്ചു തുക കൈമാറുകയാണ് ചെയ്യുന്നത്.

3. കരാർ നം.10/24-25, തീ.21.01.2024 പ്രകാരം പഞ്ചായത്ത് കെട്ടിട ഉടമസ്ഥനുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ഒളമറ്റം കരയിൽ, ഏർത്തടത്തിൽ വീട്ടിൽ, ലിസ്സി ജോയി (ആധാർ.405101063286) എന്ന വ്യക്തിയുമായിട്ടാണ്. പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് 27.06.2025 – ന് ഓഡിറ്റ്

അന്വേഷണക്കുറിപ്പ് നം.9, നൽകിയിരുന്നു. മേൽ അപാകങ്ങൾ തുടരുന്നതിനാൽ പദ്ധതിച്ചെലവായ ₹1,26,673/- തടസ്സപ്പെടുത്തുന്നു.

**1-13 പൊതുടാപ്പുകളുടെ വെള്ളക്കരം**

| | |
|---|---|
| വൗച്ചർ നം./തീയതി | 22400653/30.10.2024 |
| ഫയൽ നം. | 400556/GARCO8/GPO/24/4791 |
| ചെലവഴിച്ച തുക (₹) | 2,00,000/- |
| ബിൽ നം./തീയതി | 4791/30.10.2024 |

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി തനത്ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫെബ്രുവരി 2024 – വരെ ₹1,49,02,273/- – യുടെ കുടിശ്ശിക അവശേഷിക്കുന്നതായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ നിന്നും വ്യക്തമാകുന്നുണ്ട്.

2. 23.01.2023 – ലെ പഞ്ചായത്ത് ഭരണസമിതിയുടെ 6(1)നമ്പർ തീരുമാനപ്രകാരം, ജൽജീവൻമിഷൻ പദ്ധതിയുടെ ഭാഗമായി ആയിരക്കണക്കിനു ഗാർഹികവാട്ടർകണക്ഷൻ നൽകിക്കഴിഞ്ഞതിനാൽ ഗ്രാമപ്പഞ്ചായത്തിൽ ഇരുപതോളം ടാപ്പുകൾ നിലനിർത്തി ബാക്കി 56 ടാപ്പുകൾ ഒഴിവാക്കി തരണമെന്ന് കാണിച്ച് ഭരണസമിതി തീരുമാനം കൈകൊണ്ടിട്ടുണ്ട്. പ്രസ്തുത വിവരം 12.04.2023 – ൽ SC2-1720/22 – നമ്പർ കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്.

3. 56 ടാപ്പുകൾ കട്ട് ചെയ്യുന്നതിനായി 03.05.2023 – ൽ D3-2879/21/TDPA – ക്ക് ₹99,200/- വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

4. വാട്ടർ അതോറിറ്റി 56 ടാപ്പുകൾ കട്ട് ചെയ്യുകയോ പ്രതിമാസ ബിൽ തുകയിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.

5. 07.03.2024 – ലെ 11/2 - പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം, വെള്ളക്കരക്കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി തനത്ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

6. വാട്ടർ അതോറിറ്റി 10.10.2024 – ൽ ലഭ്യമാക്കിയ കുടിശ്ശിക ബില്ലിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 30.09.2024 – ലെ നീക്കിയിരിപ്പ് (₹) | 17,85,69,76.00 |
| ഫൈൻ (₹) | 3,50,309.00 |
| 10/24 - ലെ ഡിമാന്റ് | 24,265.00 |
| ആകെ (₹) | 1,82,31,550.00 |
| 02/24 വരെയുള്ള കുടിശ്ശിക (₹) | 1,49,02,273.00(-) |
| ആകെ (₹) | 33,29,277.00 |
| തന്മാസ ബിൽ തുക (₹) | 24,265.00 |
| വ്യത്യാസം (₹) | 33,05,012.00 |

മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നത് പഞ്ചായത്ത് തീരുമാനം കൈകൊള്ളുകയും തുടർനടപടി സാധ്യമാകാതിരിക്കുകയും ചെയ്യാത്തതിനാലാണ് മുൻകാലങ്ങളിൽ ഒഴിവാക്കേണ്ട ടാപ്പുകൾ യഥാസമയം ഒഴിവാക്കുവാനോ തുടർനടപടികൾ ഈ വിഷയത്തിൽ കൈകൊള്ളുവാനോ സാധിക്കാതെ വരുന്നത്. കുടിശ്ശികയെപ്പറ്റിയോ/നിലവിലെ പൊതുടാപ്പുകളുടെ ഉപയോഗത്തെപ്പറ്റിയോ കൃത്യമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. കൂടാതെ പഞ്ചായത്ത്, വാട്ടർ അതോറിറ്റിയിൽ അടവാക്കുന്ന നിലവിലെ കുടിശ്ശികത്തുക പഞ്ചായത്തിന്റെ മൊത്തം കുടിശ്ശികയെ ഒരു വിധത്തിലും പ്രതിഫലിക്കുന്നില്ലെന്ന് കാണാം. നിലവിലെ കുടിശ്ശികത്തുക അടവാക്കൽ വാട്ടർ അതോറിറ്റിയുടെ നിർദ്ദേശാനുസരണം ആയിരുന്നെങ്കിൽ

കുടിശ്ശികത്തുക അടവ് സംബന്ധിച്ച് വ്യക്തത ഉറപ്പാക്കാമായിരുന്നു. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി 27.06.2025 – ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11 നൽകിയെങ്കിലും മറുപടി നൽകിയില്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതി ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 അജൈവപാഴ്വസ്തുക്കൾ നൽകിയ ഇനത്തിൽ ലഭിക്കാനുള്ള തുക ക്ലീൻ കേരള കമ്പനി നൽകുന്നില്ല.**

ഗ്രാമപ്പഞ്ചായത്തിൽ ശേഖരിക്കുന്ന ലെഗസ്സി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും (₹10/- ഒരു കിലോഗ്രാമിന്) പുനരുപയോഗിക്കാവുന്ന അജൈവ പാഴ്വസ്തുക്കൾ നിശ്ചിത വിലയ്ക്ക് എടുക്കുന്നതിനും 5/2021 – ൽ ക്ലീൻ കേരള കമ്പനിയുമായി പഞ്ചായത്ത് കരാർ ചമയ്ക്കുകയും ആയതിൻ പ്രകാരം മാലിന്യങ്ങൾ നീക്കം ചെയ്യുകയും പുനരുപയോഗിക്കാൻ സാധിക്കുന്ന താഴെ സൂചിപ്പിക്കുന്ന തൂക്കത്തിലുള്ള അജൈവ പാഴ്വസ്തുക്കൾ എം.സി.എഫ്. – ൽ നിന്നും കൊണ്ടുപോകുകയും ചെയ്തു. ക്ലീൻ കേരള കമ്പനി, ലെഗസ്സി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കൃത്യമായി പഞ്ചായത്തിൽ നിന്നും തുക ഈടാക്കുന്നുണ്ട് (തൻവർഷം തനത് ഫണ്ടിൽ നിന്നും നൽകിയിരിക്കുന്ന തുക ₹2,25,900/-). എന്നാൽ പഞ്ചായത്തിൽ നിന്നും കൊണ്ടുപോയ അജൈവ പാഴ്വസ്തുക്കളുടെ തുക നാളിതുവരെ പഞ്ചായത്തിന് നൽകിയിട്ടില്ല.

ക്ലീൻ കേരള കമ്പനി തിരികെ എടുക്കുന്ന അജൈവ പാഴ്വസ്തുക്കളുടെ വില വിവരം

| Item Name | Rate (₹)/Kg |
|---|---|
| HM | 9 |
| Clour HM | 9 |
| PP | 18 |
| PRINT PP | 8 |

| | |
|---|---|
| LD-1 | 22 |
| LD-2 | 12 |
| MILK COVER LD | 12 |
| HARD PLASTIC | 18 |
| PET BOTTLE | 10 |
| LIQUOR BOTTLE PLASTIC | 18 |
| NOON WOOVEN | 15 |
| NEWS PAPER | 5 |
| CARD BOARD | 10 |
| BB -MIX PAPER | 10 |
| GLASS BOTTLE | .5 |
| ALUMINIUM CANE | 50 |
| STEEL | 50 |
| IRON SCRAP | 50 |
| RAFFIA | 50 |
| ALUMINIUM FOIL | 32 |

| | |
|---|---|
| OIL | 4 |

പഞ്ചായത്തിൽ നിന്നും കൊണ്ടുപോയ അജൈവപാഴ്വസ്തുക്കളുടെ വിവരം

| തീയതി | കൊണ്ടുപോയ അജൈവപാഴ്വസ്തുക്കൾ – കിലോഗ്രാം |
|---|---|
| 07.09.2023 | 501.800 |
| 27.10.2023 | 960.400 |
| 20.12.2023 | 1,119.750 |
| 21.03.2024 | 1,870.000 |
| 15.05.2024 | 1,200.000 |
| 10.09.2024 | 1,928.4000 |
| 11.10.2024 | 1,495.000 |
| 14.12.2024 | 962.000 |
| 14.12.2024 | 934.000 |
| 23.01.2025 | 500.000 |
| 23.01.2025 | 328.500 |
| 05.03.2025 | 896.050 |
| 05.03.2025 | 357.850 |
| ആകെ കിലോഗ്രാം | 13,053.750 |

ഹരിതകർമസേനയുടെ നോഡൽ ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറിയുടെ പക്കലുള്ള രേഖകൾ പ്രകാരം, 05.05.2022, 09.06.2022, 11.06.2022, 27.06.2022, 25.08.2022, 19.09.2022, 07.10.2022, 11.11.2022, 31.03.2023, 07.09.2023, 23.02.2024, 29.02.2024, 13.07.2024 എന്നീ തീയതികളിൽ അജൈവപാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ടെങ്കിലും നൽകിയ വസ്തുക്കളുടെ തൂക്കം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ക്ലീൻ കേരള കമ്പനിക്ക് നൽകുന്ന അജൈവപാഴ്‌വസ്തുക്കളുടെ വ്യക്തമായ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ക്ലീൻ കേരള കമ്പനി തിരികെ നൽകുവാനുള്ള തുക നാളിതുവരെ തിട്ടപ്പെടുത്തി ലഭ്യമാക്കിയിട്ടുമില്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/തീയതി.24.06.2025) മറുപടി നൽകിയില്ല. ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിക്കുവാനുള്ള തുക തിട്ടപ്പെടുത്തി ലഭ്യമാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-15 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പദ്ധതിയുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹16,63,509/- തടസ്സപ്പെടുത്തുന്നു

2024 – 2025 വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം./ പദ്ധതിയുടെ പേര് | | 31/2024-25, ക്ഷീരസംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് ധനസഹായം | |
|---|---|---|---|
| അടങ്കൽ (₹) | 33,99,035/- | പൊതുവിഭാഗം - സാധാരണവിഹിതം | 8,99,035/- |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 10,00,000/- |
| | | ജില്ലാപ്പഞ്ചായത്ത് വിഹിതം | 15,00,000/- |
| ചെലവ് (₹) | 16,63,509/- | പൊതുവിഭാഗം - സാധാരണവിഹിതം | 4,58,270/- |

| | | | |
|---|---|---|---|
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 9,83,087/- |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 2,22,152/- |
| ബി.ആർ.എൻ./ തീയതി/തുക (₹) | 1 | 241009520037O1288148/06.02.2025 | 84,317/- |
| | 2 | 241009520037O1288151/06.02.2025 | 76,848/- |
| | 3 | 241009520037O1288152/06.02.2025 | 45,463/- |
| | 4 | 241009520037O1301039/10.02.2025 | 59,696/- |
| | 5 | 241009520037O1315885/12.02.2025 | 7,296/- |
| | 6 | 241009520037O1352216/19.02.2025 | 38,838/- |
| | 7 | 241009520037O1352219/19.02.2025 | 61,938/- |
| | 8 | 241009520037O1393074/27.02.2025 | 44,187/- |
| | 9 | 241009520037O1412116/03.03.2025 | 39,687/- |
| | 10 | 241009520037O1455319/07.03.2025 | 80,634/- |
| | 11 | 241009520037O1455370/07.03.2025 | 77,610/- |
| | 12 | 241009520037O1455481/07.03.2025 | 53,334/- |
| | 13 | 241009520037O1455554/07.03.2025 | 64,575/- |
| | 14 | 241009520037O1314936/12.02.2025 | 56,497/- |
| | 15 | 241009520037O1314944/12.02.2025 | 71,814/- |
| | 16 | 241009520037O1314948/12.02.2025 | 54,256/- |
| | 17 | 241009520037O1314950/12.02.2025 | 39,585/- |
| | 18 | 241009520037O1315883/12.02.2025 | 4,758/- |
| | 19 | 241009520037O1691698/25.03.2025 | 99,434/- |
| | 20 | 241009520037O1691725/25.03.2025 | 96,377/- |

| | | | |
|---|---|---|---|
| | 21 | 24100952003701691774/25.03.2025 | 97,571/- |
| | 22 | 24100952003701691795/25.03.2025 | 93,754/- |
| | 23 | 24100952003701692714/25.03.2025 | 54,037/- |
| | 24 | 24100952003701711469/25.03.2025 | 1,96,778/- |
| | 25 | 24100952003701713934/26.03.2025 | 15,543/- |
| | 26 | 24100952003701713945/26.03.2025 | 20,700/- |
| | 27 | 24100952003701715287/26.03.2025 | 27,982/- |
| ആകെ | | | 16,63,509/- |

ടി പദ്ധതിയുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/തീയതി. 26.06.2025) മറുപടി നൽകിയില്ല. ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹16,63,509/- – യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യം നിർവ്വഹണത്തെ ബാധിക്കുന്നു.

2024 - 2025 വർഷം, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി 156 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ, 67 പദ്ധതികൾക്ക് മാത്രമാണ് ചെലവ് നടത്തിയിട്ടുള്ളത്. ആകെ 99 പദ്ധതികൾക്ക് യാതൊരു ചെലവും തൻവർഷം നടത്തിയിട്ടില്ല. ആകെയുള്ള 156 പദ്ധതികളിൽ മുൻവർഷം പൂർത്തിയാക്കാതെ വന്നതിനാൽ സ്പിൽ ഓവറായി 58 എണ്ണം തൻവർഷം എടുത്തവയാണ്. സ്പിൽ ഓവറായി തൻവർഷം ഏറ്റെടുത്ത പദ്ധതികളിൽ 20 എണ്ണത്തിന് തൻവർഷവും യാതൊരു ചെലവും നടത്തിയിട്ടില്ല. ഇവയിൽ 10 എണ്ണം 2022 – 2023 വർഷം മുതൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി വരുന്നതാണ്. ഇതിൽ മൂന്ന് കുടിവെള്ളപദ്ധതികളും ഉൾപ്പെടുന്നുണ്ട്. ഈ മൂന്ന് കുടിവെള്ള പദ്ധതികളിലും കരാറുകാരനുമായി കരാർ ചമച്ചെങ്കിലും പദ്ധതി പൂർത്തിയാക്കുകയോ കരാർ പുതുക്കുകയോ ചെയ്തിട്ടില്ല. പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യം,

പദ്ധതികളുടെ നിർവ്വഹണത്തെ കാര്യമായി ബാധിക്കുന്നതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീയതി. 27.06.2025) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ചെറിയ അടങ്കൽ തുകയുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കരാറുകാർ തയ്യാറാകുന്നില്ല. ആയതിനാൽ പല തവണ ടെണ്ടർ നടത്തിയിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. പദ്ധതികളുടെ എണ്ണം കുറച്ച് അടങ്കൽ തുക കൂട്ടി പദ്ധതികൾ തയ്യാറാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-17 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും അധികം പിൻവലിച്ച് ചെലവ് നടത്തി - ₹9,81,720/- തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 334/2024-25, കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | | |
| അടങ്കൽ തുക (₹) | 39,26,880/- | വികസന ഫണ്ട് | 19,63,440/- |
| | | ഗുണഭോക്തൃവിഹിതം | 19,81,720/- |
| ചെലവ് തുക (₹) | 29,45,160/- | 19,63,440/- | (വികസന ഫണ്ട്) |
| | | 9,81,720/- | (ഗുണഭോക്തൃവിഹിതം) |
| ബിൽ റഫറൻസ് നം./ വൗച്ചർ നം./ തീയതി/ തുക (₹) | 124100952003301463569/06.03.2025/4,90,860/- | | |
| | 24100952003301588190/19.03.2025/14,72,580/- | | |
| | വൗച്ചർ നം.22401357/27.03.2025/4,90,860/- | | |
| | വൗച്ചർ നം.22401372/29.03.2025/4,90,860/ | | |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | | |

2024-2025 വർഷത്തിൽ ജനറൽ വിഭാഗത്തിൽപ്പെട്ട 324 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതിക്കായി മേൽ സൂചിത ബിൽ പ്രകാരം ₹19,63,440/- വികസന ഫണ്ടിൽ നിന്നും ₹9,81,720/- ഗുണഭോക്തൃവിഹിതമായും ആകെ ₹29,45,120/- കേരളാ ഫീഡ്സിന് നൽകുകയും 02/2025, 03/2025 എന്നീ മാസങ്ങളിൽ 1306 കിലോഗ്രാം കാലിത്തീറ്റ ലഭ്യമാക്കി വിതരണം നടത്തിയതായും രേഖപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ ഖ.നം.6.3 (16) പ്രകാരം, ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് കാലിത്തീറ്റ നൽകുന്നതിന് 50% സബ്സിഡി മാത്രമേ നൽകാവു എന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും തൻവർഷം ആവിഷ്കരിച്ച പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്തൃവിഹിതവും ഈടാക്കാതെ (₹19,63,440)₹9,81,720/- മാത്രം ഈടാക്കുകയും വികസന ഫണ്ടിൽ നിന്നുള്ള മുഴുവൻ തുകയും ₹19,63,440/- പിൻവലിച്ച് ചെലവ് നടത്തിയിരിക്കുന്നു. 50% സബ്സിഡി നൽകാവുന്ന പ്രസ്തുത പദ്ധതിക്കായി 75% സബ്സിഡിയാണ് നൽകിയിരിക്കുന്നത്.

പദ്ധതിയുടെ ഫയലിൽ, സ്പിൽ ഓവർ പദ്ധതിയായി തുടരുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ഈടാക്കാനവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം ₹9,81,720/- ഈടാക്കുകയോ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് മുൻകൂറായി കേരളാ ഫീഡ്സിന് നൽകിയ തുകയ്ക്ക് ₹9,81,720/- കാലിത്തീറ്റ ലഭ്യമാക്കി വിതരണം നടത്തുകയോ ചെയ്തിട്ടില്ല. മേൽ സൂചിത സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ₹9,81,720/- അധികം പിൻവലിച്ച് ചെലവ് നടത്തിയിരിക്കുന്നു.

2) കാലിത്തീറ്റ വിതരണ രേഖകൾ അപൂർണ്ണമാണ്.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹9,81,720/- – യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/25.06.2025) മറുപടി നൽകിയില്ല.

**1-18 തൊഴിലുറപ്പ് പദ്ധതി - സിമന്റിന് അധികം നിരക്ക് അനുവദിച്ചു**

തൊഴിലുറപ്പു പദ്ധതിയിൽ, തൻവർഷം ചെയ്ത 13 റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ, സിമന്റ് സപ്ലൈ ചെയ്തതിന് കരാറുകാർക്ക് ടണ്ണിന് ₹11,520/- (50 കി.ഗ്രാമിന്റെ ഒരു പാക്കറ്റിന് ₹576/-) നിരക്കിലാണ് തുക നൽകിയിരിക്കുന്നത്.

ഉദാ: പ്രവൃത്തിയുടെ പേര് : റോഡ് കോൺക്രീറ്റിംഗ് – വാർഡ് 14

വർക്ക് കോഡ് - 1609004002 RC/GAS/77071

വാങ്ങിയ സിമന്റിന്റെ അളവ് - 4.32 ടൺ

അനുവദിച്ച തുക (₹) – 4.32 X ₹ 11,520/- = ₹49,766.40

പൊതുവിപണിയിൽ സിമന്റിന്റെ വില ഉയർന്നു നിന്നപ്പോഴും ബ്രാന്റഡ് സിമന്റിന്റെ പരമാവധി വില ₹400/- - ₹430/- – യും മറ്റ് ബ്രാന്റുകൾക്ക് ₹370/- – ₹390/- യും ആയിരുന്നു. തന്നെയുമല്ല 2024-2025 വർഷം എൽ.എസ്.ജി.ഡി. പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം സിമന്റിന് അനുവദിച്ചിരിക്കുന്ന നിരക്ക് ടണ്ണിന് ₹8,128.58 (50 കി.ഗ്രാമിന്റെ ഒരു പാക്കറ്റിന് ₹406.43) മാത്രമാണ്. (കോസ്റ്റ് ഇൻഡക്സ്, ഓവർഹെഡ് ചാർജ്, കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഉൾപ്പെടെ).

സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.7 /26.06.2025) ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സെകവർ സോഫ്റ്റ്‌വെയർ മുഖേനയാണെന്നും ആയതിൽ മാറ്റം വരുത്താൻ സാധിക്കില്ലായെന്നും അറിയിച്ചു. പാക്കറ്റിന് ₹576/- എന്നത് പുന:പരിശോധിക്കുന്നതിന് ജില്ലാതലത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി തുടർന്നുള്ള പ്രവൃത്തികൾക്ക് തുക അനുവദിക്കുമ്പോൾ പാക്കറ്റ് വിലയേക്കാൾ കൂടുതൽ നൽകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-19 സാക്ഷരതാമിഷൻ ഓണറേറിയം - അധികം അനുവദിച്ചു**

| | | |
|---|---|---|
| വൗച്ചർ നം./തീയതി | 22400134/27.05.2024 | |
| | 22400173/17.06.2024 | |
| ഫയൽ നം. | 40056/EDLP08/GPO/24/2380 | |
| | 40056/EDLP08/GPO/24/2542 | |
| ബിൽ നം./തീയതി/തുക (₹) | 12380/27.05.2024 | 4,800/- |
| | 2542/17.06.2024 | 4,800/- |
| ചെലവഴിച്ച ആകെത്തുക (₹) | | 9,600/- |

12.04.2024 – ലെ സ.ഉ.(സാധാ)നം.743/2024/ത.സ്വ.ഭ.വ. – ലെ ക്രമ നം.(E) പ്രകാരം, സാക്ഷരത പ്രേരകിന്റെ ഓണറേറിയം, നിലവിൽ അവർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും നൽകേണ്ടതാണ്. 60:40 എന്ന അനുപാതത്തിൽ ഓണറേറിയം പങ്കുവയ്ക്കുന്ന വ്യവസ്ഥ തുടരുന്നതിനൊപ്പം 60% സ്ഥാപനം തനത് വരുമാനത്തിൽ നിന്നും നൽകേണ്ടതും സാക്ഷരതാമിഷൻ 40% വിഹിതം തദ്ദേശസ്ഥാപനത്തിനു കൈമാറേണ്ടതുമാണ്. എന്നാൽ 05/2024, 06/2024 എന്നീ മാസങ്ങളിലെ ഓണറേറിയം അനുവദിച്ചതിൽ പഞ്ചായത്ത് മുഴുവൻ തുകയും (2x(7,200/-+4,800/-) = 24,000/-) അനുവദിച്ചു നല്കിയിട്ടുണ്ട്. (ആകെ ഓണറേറിയം – ₹12,000/- 60% പഞ്ചായത്ത് വിഹിതം – ₹7,200/- 40% സാക്ഷരതാമിഷൻ വിഹിതം – ₹4,800/- പഞ്ചായത്ത് അധികമായി അനുവദിച്ച തുക രണ്ട് മാസത്തെ – ₹4,800x2 = ₹9,600/-) അധികമായി പഞ്ചായത്ത് അനുവദിച്ചു നല്കിയ ₹9,600/- (₹24,000/- – ₹14,400=) സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണെന്ന് വ്യക്തമാക്കി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12/27.06.2025 നൽകിയിരുന്നു. പഞ്ചായത്ത് അധികമായി അനുവദിച്ച ₹9,600/- സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-20 പുല്ലുമല കുടിവെള്ള പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല - ₹1,79,952/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | SO279/25, പുല്ലുമല കുടിവെള്ള പദ്ധതിക്ക് 10 എച്ച്.പി. മോട്ടോറും അനുബന്ധസാമഗ്രികളും |
| അടങ്കൽ തുക (₹) | 1,80,000/- (സി.എഫ്.സി. ഗ്രാന്റ്) |
| ചെലവ് തുക (₹)<br>ബിൽ നം./തീയതി | 1,79,952/-<br>778/21.03.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന ഇനം പ്രവൃത്തിക്ക് തുക കൈമാറിയിട്ടുണ്ട്.

ഇനം-1-OD307529/23-24, Supply, Conveyence, Erection, Testing And Commissioning Of 10HP Vertical Open Well Submersible Pump Set Working On 3phase 415v,With Head Range 140 Meter And Discharge Range 9000 LPH Delivery Size/Suitable Mounted On Preposed 50mm GI Pipe - വില – ₹95,305.53.

മേൽ ഇനം സ്ഥാപിച്ചതിന്റ തുക കൈമാറിട്ടുണ്ടെങ്കിലും വിവരിച്ചിരിക്കുന്ന സ്പെസിഫിക്കേഷൻ തരത്തിലുള്ള മോട്ടോർ വാങ്ങിയതിന്റെ ബില്ലുകളോ ഗ്യാരണ്ടി തുടങ്ങിയവ സംബന്ധിച്ച് യാതൊരു രേഖയും ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10/27.06.2025) നൽകിയെങ്കിലും രേഖകളോ മറുപടിയോ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച ₹1,79,952/- തടസ്സപ്പെടുത്തുന്നു.

## **1-21 ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ₹18,10,211/- തടസ്സപ്പെടുത്തുന്നു**

1.

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | SOOO2/25, എസ്.എസ്.എ. വിഹിതം |
| അടങ്കൽ തുക (₹) | 2,00,000/- (വികസനഫണ്ട് – ജനറൽ) |
| ചെലവ് തുക (₹)<br>ബിൽ നം./തീയതി | 2,00,000/-<br>328/23.10.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

എസ്.എസ്.എ. വിഹിതത്തിന്റെ ചെലവ് വിവരം ലഭ്യമാക്കിയില്ല.

2.

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | SOOO320/25, കൈതമറ്റം അങ്കണവാടിക്ക് കുഴൽക്കിണർ നിർമ്മാണവും മോട്ടർ സ്ഥാപിക്കലും |
| അടങ്കൽ തുക (₹) | 1,18,435/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് തുക (₹) ബിൽ നം.തീയതി | 81,234/- 437/23.12.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക മുൻകൂറായി അടച്ചിട്ടുണ്ട്. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

3.

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | SOOO140/25, തൊമ്മൻകുത്ത് ലക്ഷംവീട് കോളനി കുഴൽകിണർ നിർമ്മാണം |
| അടങ്കൽ തുക (₹) | 1,50,000/- (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് തുക (₹) ബിൽ നം./തീയതി | 77,850/- 420/16.12.2024, 704/12.03.2025 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ മുൻകൂറായി തുക അടച്ചിട്ടുണ്ട്. നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| | | |
|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | SO283/25, പഞ്ചായത്ത് ഓഫീസ് സോളാർ പാനൽ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും | |
| അടങ്കൽ തുക (₹) | 4,30,200/- | 2,30,200/- ധനകാര്യകമ്മീഷൻഗ്രാന്റ് |
| | | 2,00,000/- തനത് ഫണ്ട് |

| | |
|---|---|
| ആകെ ചെലവ് തുക (₹) | 4,18,000/- |
| ബിൽ നം./തീയതി/തുക (₹) | 355/28.10.2024/2,18,000/- |
| | 354/28.10.2024/2,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

അനർട്ട്, ഇടുക്കിക്ക് മേൽ തുക പദ്ധതിയുടെ നടത്തിപ്പിനായി നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

5.

| | | |
|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | SO11/25, സ്ട്രീറ്റ് ലൈൻ വലിക്കൽ | |
| അടങ്കൽ തുക (₹) | 10,33,127/- | 10,00,000/- വികസന ഫണ്ട് - ജനറൽ |
| | | 33,127/- തനത് ഫണ്ട് |
| ആകെ ചെലവ് തുക (₹) | 10,33,127/- | |
| ബിൽ നം/തീയതി/തുക (₹) | 436/20.12.2024/9,60,536/- | |
| | 571/1202.2025/39,464/- | |
| | 3572/12.02.2025/33,127 | |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |

KSEB LTD തുക അടവാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാലും മേൽ പദ്ധതികൾക്കായി ആകെ ചെലവഴിച്ച ₹18,10,211/- തടസ്സപ്പെടുത്തുന്നു.

## 1-22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതിയുടെ നം. | SOOO12/25 |
| അടങ്കൽ തുക (₹) | 3,50,000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ബിൽ നം./തീയതി/ചെലവ് തുക (₹) | 518/04.02.2025/3,50,000/- |

| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|

എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയിലേക്ക് 2024 – 2025 വർഷം ഹോം കോ, ആലപ്പുഴയിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിനായി തുക അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം

**ആമുഖം**

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂളിൽ, ആശുപത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ഡിസ്പെൻസറികൾ, കുടുംബക്ഷേമം എന്നിവയുൾപ്പെടെയുള്ള ആരോഗ്യവും ശുചിത്വവും പഞ്ചായത്തുകൾക്കായി പട്ടികപ്പെടുത്തിയിട്ടുണ്ട്. പതിനഞ്ചാം ധനകാര്യകമ്മീഷൻ അതിന്റെ അന്തിമ റിപ്പോർട്ടിന്റെ അദ്ധ്യായം 7 (തദ്ദേശസർക്കാരുകളെ ശാക്തീകരിക്കൽ) പ്രകാരം 2021-2022 മുതൽ 2025-2026 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ₹4,27,911 കോടിയുടെ മൊത്തം ഗ്രാന്റ് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ ₹70,051 കോടിയുടെ ഗ്രാന്റുകൾ പ്രാഥമികാരോഗ്യസംരക്ഷണതലത്തിലെ ആരോഗ്യസംരക്ഷണ സംവിധാനത്തിലെ നിർണായക വിടവുകൾ ശക്തിപ്പെടുത്തുന്നതിനും നികത്തുന്നതിനുമായി നൽകാൻ കമ്മീഷൻ തീരുമാനിച്ചു. ആയതിലേക്കായി കേന്ദ്രധനകാര്യമന്ത്രാലയം 16.07.2021 – ൽ 15(2)FC-XV/FCD/20-25 – പ്രകാരം മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മപദ്ധതി പ്രകാരം ആറു സ്കീമുകളായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളിൽ 09.08.2023 – ലെ സ.ഉ.(സാധാ)നം.1625/2023/ത.സ്വ.ഭ.വ. - പ്രകാരം ഗ്രാമപ്പഞ്ചായത്തുകൾക്ക് നടപ്പിലാക്കാവുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1). കെട്ടിടങ്ങൾ ഇല്ലാത്ത സാമുഹീകാരോഗ്യകേന്ദ്രങ്ങൾക്ക് കെട്ടിടം പണിയുക (സ്കീം 1)

2). ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3)

3). ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (സ്കീം 4)

കരിമണ്ണൂർ ഗ്രാമപ്പഞ്ചായത്തിനു കീഴിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1.) എഫ്.എച്ച്.സി.

2.) ഗവ.ആയ്യുർവേദ ഡിസ്പെൻസറി

3.) എൻ.എച്ച്.എം.പി.എച്ച്.സി.ഹോമിയോ

**<u>ഹെൽത്ത് ഗ്രാന്റ് ലഭ്യത, വിനിയോഗം</u>**

വിവിധവർഷങ്ങളിലെ ഹെൽത്ത് ഗ്രാന്റ് ലഭിച്ചത് വിനിയോഗിച്ച് ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സ്കീം (1) പ്രകാരം തുക ലഭിച്ചിട്ടില്ല.

സ്കീം (1) പ്രകാരം തുക ലഭിച്ചിട്ടില്ല.

| 2021-2022 വർഷത്തെ ഹെൽത്ത് ഗ്രാന്റ് | | | | | | | |
|---|---|---|---|---|---|---|---|
| സ്കീം | ലഭ്യമായ ആകെത്തുക (₹) | ലഭ്യമായ തീയതി | ആവിഷ്കരിച്ച പദ്ധതികൾ | | | | |
| | | | സാമ്പത്തികവർഷം | പേര് | പദ്ധതി നമ്പർ | അടങ്കൽ (₹) | ചെലവ് (₹) |
| സ്കീം 3 | 2,64,733/- | 01.08.2022 (₹1,71,430/-)<br>07.09.2022 (₹93,303/-) | 2022-2023 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 223 | 2,64,733/- | 2,64,726/- |
| സ്കീം 4 | 1,35,000/- | 06.08.2022 | 2022-2023 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 224 | 1,35,000/- | 1,35,000/- |

| | | | | |
|---|---|---|---|---|
| ആകെ | 3,99,733/- | | 3,99,733/- | 3,99,726/- |

| 2022-2023 വർഷത്തെ ഹെൽത്ത് ഗ്രാന്റ് | | | | | | | |
|---|---|---|---|---|---|---|---|
| സ്കീം | ലഭ്യമായ തുക (₹) | ലഭ്യമായ തീയതി | ആവിഷ്കരിച്ച പദ്ധതികൾ | | | | |
| | | | സാമ്പത്തികവർഷം | പേര് | പദ്ധതി നമ്പർ | അടങ്കൽ (₹) | ചെലവ് (₹) |
| സ്കീം 3 | 7,93,000/- | 07.09.2023 | 2023-2024 | എഫ്.എച്ച്.സി. കേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 162 | 7,93,000/- | 2,04,694/- |
| | | | 2023-2024 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 276 | | 5,88,313/- |
| സ്കീം 4 | 3,40,000/- | 12.09.2023 | 2023-2024 | എഫ്.എച്ച്.സി.ഉപകേന്ദ്രങ്ങളിൽ ഹെൽത്ത്ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 161 | 3,40,000/- | 2,80,580/- |
| | | | 2023-2024 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 277 | | 59,420/- |
| ആകെ | 11,33,000/- | | | | | 11,33,000/- | 11,33,001/- |

| **2023-2024 വർഷത്തെ ഹെൽത്ത് ഗ്രാന്റ്** | | | |
|---|---|---|---|
| സ്കീം | ലഭ്യമായ തുക (₹) | ലഭ്യമായ തീയതി | ആവിഷ്കരിച്ച പദ്ധതികൾ |

| | | | സാമ്പത്തികവർഷം | പേര് | നമ്പർ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|---|---|---|
| സ്കീം 3 | 3,31,000/- | 22.03.2025 | 2024-2025 | രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 316 | 3,31,000/- | 0 |
| സ്കീം 4 | 5,41,000/- | 22.03.2025 | 2024-2025 | കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | 315 | 5,41,000/- | 0 |
| ആകെ | 8,72,000/- | | | | | 8,72,000/- | 0 |

കരിമണ്ണൂർ കുടുംബാരോഗ്യകേന്ദ്രം, ഉപകേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. 31.08.2022 – ലെ സ.ഉ.(സാധാ)നം.2132/2022/ ത.സ്വ.ഭ.വ., ഖണ്ഡിക നം.2.3, ഉപഖണ്ഡിക നം.4 – ൽ, മാനദണ്ഡപ്രകാരം ആരോഗ്യഉപ കേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും കുടുംബാരോഗ്യകേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ചെയ്യേണ്ടതുണ്ടെന്നും ആയതിലേക്കായി തുക ചെലവഴിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുവരെ ഹെൽത്ത് ഗ്രാന്റിനത്തിൽ രോഗ നിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി 4 പദ്ധതികൾ ആവിഷ്കരിച്ചതിൽ 3 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. സ്കീം 3 മുഖേന ഈ ഇനത്തിൽ ആകെ ₹10,57,733/- ചെലവഴിച്ചിട്ടുണ്ട്. നിലവിൽ കരിമണ്ണൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ 32 തരം ടെസ്റ്റുകൾ ലഭ്യമാണ്. ചിത്രം കാണുക.

 

സ്കീം 4 പ്രകാരം, ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കായി ഇതുവരെ 4 പദ്ധതികൾ ആവിഷ്കരിച്ചതിൽ 3 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. സ്കീം 4 പ്രകാരം ഈ ഇനത്തിൽ ആകെ ₹4,75,000/- ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഫർണിച്ചറുകൾ വാങ്ങുകയും ഉപകേന്ദ്രങ്ങളിൽ ഇൻവെർട്ടർ സംവിധാനം ഏർപ്പെടുത്തുകയും ഐ.ഈ.സി. ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

 

2023-2024 വർഷത്തെ ഗ്രാന്റ് തുക 2025 മാർച്ച് മാസത്തിലാണ് ലഭ്യമായത് ആയതിനാൽ 2024-2025 – ൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ടി പദ്ധതികൾ 2025-2026 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കുമെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.02/23.06.2025 – ന് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

**<u>ഫലപ്രാപ്തി, നിർദ്ദേശങ്ങൾ</u>**

സ്കീം-3 മുഖേന ലാബ് ഉപകരണങ്ങൾ, റിയേജന്റുകൾ എന്നിവ വാങ്ങിയതുവഴി കുടുംബാരോഗ്യകേന്ദ്രത്തിലെ രോഗനിർണ്ണയസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. എങ്കിലും 31.08.2022 – ലെ സ.ഉ.(സാധാ) നം.2132/2022/ത.സ്വ.ഭ.വ., ഖണ്ഡിക നം.2.3, ഉപഖണ്ഡിക നം.4 – ൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡപ്രകാരമുള്ള

സൗകര്യങ്ങൾ പൂർണ്ണമായിട്ടില്ല. തുടർപദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ടി വസ്തുത പരിഗണിക്കേണ്ടതാണ്.

31.08.2022 – ലെ സ.ഉ.(സാധാ)നം.2132/2022/ത.സ്വ.ഭ.വ., ഖണ്ഡിക നം.2.4 പ്രകാരം, ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ മുഖേന ചുവടെ ചേർത്തിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

I. ആരോഗ്യവർദ്ധക സേവനങ്ങൾ - ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

Ii. രോഗപ്രതിരോധപ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ

Iii. വാർഷികആരോഗ്യപരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

Iv. പ്രാഥമികരോഗചികിത്സാ സൗകര്യങ്ങൾ

V. ദീർഘകാലരോഗങ്ങൾ ഉള്ളവർക്ക് മാനസിക-സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

Vi. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ.

എന്നാൽ സ്കീം 4 പ്രകാരം ഹെൽത്ത് ഗ്രാന്റ് മുഖേന ഗ്രാമപ്പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ മേൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്താൻ പര്യാപ്തമായവയല്ല.

ഹെൽത്ത് ഗ്രാന്റ് മുഖേന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ 31.08.2022 – ലെ സ.ഉ.(സാധാ)നം.2132/2022/ത.സ്വ.ഭ.വ. പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിവിധ സ്കീമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുന്നവയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

**<u>ബാങ്ക് അക്കൗണ്ട് വിവരങ്ങൾ</u>**

| സ്കീം | അക്കൗണ്ട് നം./ബാങ്ക് | 31.03.2025 – ലെ നീക്കിയിരിപ്പ് (₹) |
|---|---|---|

| | | (പലിശ ഉൾപ്പെടെ) |
|---|---|---|
| സ്കീം 3 | 40904069128<br>എസ്.ബി.ഐ. കരിമണ്ണൂർ<br>(അക്കൗണ്ട് 07.04.2022 ആരംഭിച്ചു) | 3,44,510/- |
| സ്കീം 4 | 40903968648<br>എസ്.ബി.ഐ. കരിമണ്ണൂർ<br>(അക്കൗണ്ട് 07.04.2022 – ൽ ആരംഭിച്ചു) | 5,47,466/- |

ഹെൽത്ത് ഗ്രാന്റ് തുക സൂക്ഷിച്ചിരിക്കുന്ന അക്കൗണ്ട് വിവരങ്ങൾ വാർഷികധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-24 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം

ഭാരതത്തിലെ ഗ്രാമീണമേഖലയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വീടുകൾക്കും 2024 – ഓടെ ഗുണഭോക്താക്കളുടെ സമൂഹസംഭാവനയോട് കൂടി സുസ്ഥിരമായ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണ് ജലജീവൻ മിഷൻ. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഗ്രാമപ്പഞ്ചായത്തുകൾക്കാണ് പ്രധാനമായും പദ്ധതി നടത്തിപ്പിന്റെ ചുമതല. 23.02.2022 – ലെ ജലവിഭവ(ജലവിതരണ-സി) വകുപ്പിന്റെ സ.ഉ.(സാധാ.)നം.134/2022/ഡബ്ല്യൂ.ആർ.ഡി. – പ്രകാരം, കരിമണ്ണൂർ ഗ്രാമപ്പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്യേണ്ട ആകെ 919 വീടുകൾക്കായി ₹399 ലക്ഷം പഞ്ചായത്തുവിഹിതമായി (15%) ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക കൈമാറുന്നതിന് ആവശ്യമായ ധനസ്രോതസ്സ് ഗ്രാമപ്പഞ്ചായത്തിന് ഇല്ലാത്തതിനാൽ തുക കൈമാറിയിട്ടില്ലെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം ഒടുക്ക്

| മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ) | | | | |
|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
| 15 | 1,62,000/- | 1,62,000/- | Nil | 2022 ജൂൺ മുതൽ 2024 മാർച്ച് വരെ |
| *(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ) | | | | |

| മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ) | | | | | |
|---|---|---|---|---|---|
| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ )** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
| | | ഇല്ല | | | |

| മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ) | | | | |
|---|---|---|---|---|
| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
| | ഇല്ല | | | |

| മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ) | | | | | |
|---|---|---|---|---|---|
| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) ( 07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ )** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹) | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹) | റിമാർക്സ് |
| | | ഇല്ല | | | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പദ്ധതിയുടെ പേര്/ പദ്ധതിയുടെ നം. | തുക ലഭിച്ച വർഷം | ബ്ലോക്ക് പഞ്ചായത്ത് (₹) | ജില്ലാ പഞ്ചായത്ത് (₹) | ചെലവ് (₹) |
|---|---|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (45/25) | 2024-2025 | 0 | 3,15,000/- | 3,15,000/- |
| എസ്.പി.സി. കുട്ടികൾക്ക് ഭക്ഷണം (306/25) | 0 | 0 | 24,623/- | 24,623/- |
| ഡയാലിസിസ് ധനസഹായം (302/25) | 0 | 0 | 41,000/- | 41,000/- |
| ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 2024-2025 | 3,98,610/- | 1,27,170/- | 5,25,780/- |

| | | | | |
|---|---|---|---|---|
| സ്കോളർഷിപ്പ് ബത്ത നൽകൽ (34/25) | | | | |
| നെൽകൃഷി സ്ഥിരം കൃഷിക്ക് ധനസഹായം - സംയുക്ത പദ്ധതി (88/25) | 2024-2025 | 1,32,765/- | 3,31,913/- | 4,64,678/- |
| ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് ധനസഹായം(31/25) | 2024-2025 | 9,83,087/- | 2,22,152/- | 12,05,239/- |
| പൂരകപോഷകാഹാര പരിപാടി (53/25) | 2024-2025 | 69,991/- | 0 | 69,991/- |
| പാലിയേറ്റീവ് പരിചരണം (103/25) | 2024-2025 | 1,99,409/- | 0 | 1,99,409/- |
| ആകെ | | 17,83,862/- | 10,61,858/- | 28,45,720/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പദ്ധതി നം./പദ്ധതിയുടെ പേര് | നിർവഹണ ഏജൻസി | ബിൽ വിവരങ്ങൾ | നൽകിയ തുക (₹) | ഫണ്ട് | വിനിയോഗിച്ച തുക (₹) | വിനിയോഗിക്കാൻ ശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|---|
| 1 | 11, സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി. | 24100952004101071622/ 20.12.2024<br>വൗ.നം. 22401104/ 24.02.2025<br>24100952004101317700/ 12.02.2025 | 9,60,536<br>33,127<br>39,464 | വികസന ഫണ്ട്<br>തനത് ഫണ്ട്<br>വികസന ഫണ്ട് | 0<br>0<br>0 | 9,60,536<br>33,127<br>39,464 |
| 2 | 140, തൊമ്മൻകുത്ത് ലക്ഷം വീട് കോളനി കുഴൽക്കിണർ നിർമ്മാണം | ഭൂജല വകുപ്പ് | XVFC/2024-25/ /103/13/13.03.2025 | 77,850 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 77,850 |
| 3 | 320, കൈതമറ്റം അങ്കണവാടി –കുഴൽക്കിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും | | 24100952004101080444/ 23.12.2024 | 81,234 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 81,234 |
| 4 | 283, പഞ്ചായത്ത് ഓഫീസ് സോളാർ പാനൽ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും | അനർട്ട് | XVFC/2024-25/63-207180<br>XVFC/2024-25/64-10820<br>വൗ.നം. 22400651/ 30.10.2024 | 2,18,000<br>2,00,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>തനത് ഫണ്ട് | 0 | 2,18,000<br>2,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പാ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പത്തുക (₹) | തൻവർഷ വായ്പത്തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) മുതൽ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി. ലോൺ (ലൈഫ്) | സ.ഉ. (സാധാ) നം. 111/2018/ ത.സ്വ.ഭ.വ. തി.13.08.2018 | 1,78,02,809/- | 49,15,406/- | 1,03,51,928/- | 22,29,240/- | 1,30,38,094/- |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 16,15,027 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 10,24,489/- |
| ബാക്കി (₹) | 5,90,538/- |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 11,20,000/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 17,10,538/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക (₹) |
|---|---|
| FD രസീത് നമ്പർ 427635/31.3.2017 കേരള ഗ്രാമീൺ ബാങ്ക് കുരിമണ്ണൂർ ശാഖ (പുതുക്കി നിക്ഷേപിച്ചത്) | 5,90,538/- |

| | |
|---|---|
| FD രസീത് നമ്പർ 031/22.11.2024<br>ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, നെടുങ്കണ്ടം | 11,20,000/- |
| ആകെ (₹) | 17,10,538/- |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (₹) (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടു ത്തിയി ട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക (₹) | അവ ശേഷി ക്കുന്ന തുക/ ബാധ്യത (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക (₹) | | | | ഉൾ പ്പെട്ട തുക (₹) | ഈടാ ക്കിയ തുക (₹) | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2000-2001 | 35 | ശ്രീ ഇ.യു. ജോസഫ് സെക്രട്ടറി | LF.16208/ Sc2/04 തീ.30.04.2005 | 16,340 | - | ഇല്ല | - | - | - | - | 16,340 | - |
| 2 | 2000-2001 | 36 | ശ്രീ ഇ.യു. ജോസഫ് സെക്രട്ടറി | LF.16208/ Sc2/04 തീ. 30.04.2005 | 16,340 | - | ഇല്ല | - | - | - | - | 16,340 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് (₹) | : | 2,39,73,113/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | : | 21,25,66,723/- |
| ആകെ (₹) | : | 23,65,39,836/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | : | 19,97,27,634/- |
| നീക്കിയിരിപ്പ് (₹) | : | 3,68,12,202/- |
| (കുറിപ്പ്:-2024-2025 – ലെ റെസീറ്റ് & പേയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | | |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | : | 47,85,865 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 23,800.00 | ശ്രീ അഗസ്റ്റിൻ.വി.എ., സെക്രട്ടറി |
| 1-12 | 1,26,673.00 | ശ്രീ അഗസ്റ്റിൻ.വി.എ., സെക്രട്ടറി |
| 1-15 | 16,63,509.00 | ശ്രീ സുധീഷ് എം.പി., ക്ഷീരവികസന ഓഫീസർ |

| | | |
|---|---|---|
| 1-17 | 9,81,720.00 | ഡോ നീതു കെ.പി., വെറ്ററിനറി സർജൻ |
| 1-20 | 1,79,952.00 | ശ്രീ അഗസ്റ്റിൻ.വി.എ., സെക്രട്ടറി |
| 1-21 | 18,10,211.00 | ശ്രീ അഗസ്റ്റിൻ.വി.എ., സെക്രട്ടറി |
| ആകെ | 47,85,865.00 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നീതു കെ.പി. വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ വെറ്ററിനറി പോളിക്ലിനിക്ക് പാലാ, കോട്ടയം ജില്ല 686575 | കോലക്കാടൻ ഹൗസ് നെടുങ്ങാപ്രാ, പി.ഒ., പെരുമ്പാവൂർ, എറണാകുളം ജില്ല – പിൻ – 683545 |
| ശ്രീ അഗസ്റ്റിൻ വി.എ. സെക്രട്ടറി | സെക്രട്ടറി കരിമണ്ണൂർ ഗ്രാമപ്പഞ്ചായത്ത് | വരിക്കാക്കൽവീട് വണ്ടമറ്റം.പി.ഒ. ഇടുക്കി ജില്ല |
| ശ്രീ സുധീഷ് എം.പി. ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | മൂഴിക്കൽ, വെങ്ങല്ലൂർ പി.ഒ., ഗുരു ഐ.റ്റി.സി.റോഡ്, തൊടുപുഴ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | ഖണ്ഡിക നം. |
|---|---|---|---|
| 2012-2013 & 2013-2014 | കെ.എസ്.എ.ഐ.ഡി.കെ.പി4/1393/(2012-2013 & 2013-2014 അദാലത്ത് - ഓഗസ്റ്റ)/2022/തീ. 20.08.2022 | 1 | 3-1 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ.പി4/1393/(2014-2015 അദാലത്ത് – ഓഗസ്റ്റ )/2022/ തീ.20.08.2022 | 4 | 2-1, 3-5, 3-6, 3-7 |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ.പി4/1393/(2015-2016 അദാലത്ത് - ഓഗസ്റ്റ )/2022/ തീ.20.08.2022 | 6 | 2-2, 3-2, 3-3, 3-4, 3-5, 3-7 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ.പി4/1393/(2016-2017 അദാലത്ത് - ഓഗസ്റ്റ )/2022/തീ. 20.08.2022 | 4 | 3-1, 3-2, 3-3, 3-4 |
| 2018-2019 | കെ.എസ്.എ.ഐ.ഡി.കെ.പി4/1393/(2018-209 അദാലത്ത് - ഓഗസ്റ്റ 7/2022/തീ. 20.08.2022 | 3 | 1-23(1), 1-23(3), 1-26 |
| 2019-2020 | കെ.എസ്.എ-ഐ.ഡി.കെ-10/1236/2021 തീ. 27.04.2022 | 17 | 1-13,1-14,1-15, 1-16,1-21, 1-22, 1-25, 1-26, 1-27, 1-29, 1-30, 1-33, 1-34, 1-36, 1-38, 3-1,4-11 |
| 2020-2021 | കെ.എസ്.എ-ഐ.ഡി.കെ-പി4/1072/2022 തീ. 04.11.2022 | 10 | 1-4, 1-10,1-12 മുതൽ 1-17 വരെ, 1-21, 4-11 |
| 2021-2022 | കെ.എസ്.എ.ഐ.ഡി.കെ.പി.4-705/2023 തീ. 23.01.2024 | 8 | 1-9, 1-9-1, 1-9-4, 1-10 മുതൽ 1-13 വരെ, 4-11 |
| 2022-2023 | കെ.എസ്.എ.ഐ.ഡി.കെ.പി.4-152/2024 തീ. 22.03.2024 | 12 | 1-9, 1-10, 1-11(2), 1-13, 1-14, 1-16, 1-17, |

| | | | |
|---|---|---|---|
| | | | 1-17-1, 1-18, 1-20, 1-21, 3-1 |
| 2023-2024 | കെ.എസ്.എ.ഐ.ഡി.കെ.പി.4-1167/2024 തീ. 17.03.2025 | 8 | 1-1-4, 1-9 മുതൽ 1-12 വര 1-22 മുതൽ 1-24 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 30-05-2025 and submitted on 12-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Karimanoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Karimanoor Grama Panchayat as on 31-03-2025

**Date: 23/09/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Karimanoor Grama Panchayat for the Year 2024-2025.

### 1.Major Observations

### 2.Other Observations

| | |
|---|---|
| 1 | The following madatory financial statements prescribed in accounting rules are not submitted for audit (i) Notes to accounts (ii) Ratios |

| | |
|---|---|
| 2 | Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents. |
| 3 | Asset register is not kept up to date. |
| 4 | Depreciation recorded could not be verified in the absence of calculation sheets |
| 5 | Accumulated depreciation provided for the asset exceeds the bookvalue. |
| 6 | Lack of authenticated journal vouchers for supporting the adjustment entries recorded in prior period items |
| 7 | Payment voucher- Misclassification (Capital work in progress- Figures do not match) |
| 8 | Payment voucher- Misclassification (Amount is not included in the account reflecting the intension) |
| 9 | Mismatch of the amounts recorded under B-16 schedule and B-5 schedule in Balance Sheet. |
| 10 | Payment voucher- Misclassification (Expired deposited amounts are not credited to the panchayat fund) |
| 11 | Fixed Deposit Amount in AFS differs with actual amount. |
| 12 | The grant amounts left to spend and the bank balances in which they are deposited do not match. |

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്